"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയി 30/09/2022 തീയതി വരെ സേവനത്തിൽ തുടർന്ന ശ്രീമതി സുനിത വി. എസ്.ന് സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.929/2024/AGRI തീയതി,തിരുവനന്തപുരം, 03-10-2024

---

പരാമർശം:-
1. സർക്കുലർ നം 78/2022/ധന, തീയതി 05/09/2022
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 01/05/2023 ലെ GE30/C/S-540/24 നമ്പർ കത്ത്.
3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 23/07/2024, 28/08/2024 തീയതികളിലെ ADFW/7626/2022-SB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയി 30/09/2022 വരെ സേവനത്തിൽ തുടർന്ന ശ്രീമതി സുനിത വി. എസ്.ന് 01/10/2022 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള അനുമതി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2) ടിയാൾക്കെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലെന്ന് കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി സുനിത വി. എസ് -ന്റെ സേവന വിവരങ്ങൾ പരാമർശം (2) പ്രകാരം അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 30/09/2022 വരെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയി സേവനത്തിൽ തുടർന്ന ശ്രീമതി സുനിത വി. എസ്.ന് 30/09/2022 അപരാഹ്നത്തിൽ സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിന് KSR Part III ചട്ടം 56 ലെ വ്യവസ്ഥ പ്രകാരവും പരാമർശം (1) സർക്കുലർ പ്രകാരവും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി സുനിത വി. എസ്. (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(കൃഷി-ഇഎ1/158/2024-കൃഷി)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ